ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. എം. ടി. ഗണേശനും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലചന്ദ്രനും എതിരെ നടപടി സ്വീകരിക്കുവാൻ വിജിലൻസ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിരുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ടെ 26-3-2014-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ, അധികാരമില്ലാതെ ബിൽഡിംഗ് പെർമിറ്റ് ഇഷ്യു ചെയ്തതിന് ഫസ്റ്റ് ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. പി. ജി. ശശിക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

(ബി) മുനിസിപ്പൽ എഞ്ചിനീയറായ ശ്രീ. അനിൽ ഡി.ജെ., ഫസ്റ്റ് ഗ്രേഡ് ഓവർസിയറായ ശ്രീ. പി. ജി. ശശി എന്നിവർക്കെതിരായ അച്ചടക്ക നടപടി സർക്കാർ തലത്തിൽ തുടർന്നുവരുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. എം. ടി. ഗണേശൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബാലചന്ദ്രൻ എന്നിവർക്കെതിരായ നടപടി ഇവരുടെ വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടയാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ഉത്തരവായിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ടെ ശിപാർശ പ്രകാരം ശ്രീ. പി. ജി. ശശിക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തമ്പാനൂരിലെ മഴക്കാലത്തെ വെള്ളക്കെട്ടുകൾ**

118(3402) ശ്രീ. എം. ഉമ്മർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമ്പാനൂരിലെ മഴക്കാലത്തെ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കുമോ ;

(ബി) തലസ്ഥാനത്തെ നഗരത്തിലെ മറ്റ് പ്രദേശങ്ങളായ പഴവങ്ങാടി, കിഴക്കേക്കോട്ട, എസ്.എസ്. കോവിൽ റോഡ് എന്നിവിടങ്ങളിലെ വെള്ളക്കെട്ടുകൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിലും, ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിലും ഉൾപ്പെടുത്തി തമ്പാനൂർ പരിസരപ്രദേശങ്ങളിലെ വെള്ളക്കെട്ട്

വകുപ്പും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഔട്ട്‌ലെറ്റ് മുതൽ കണ്ണമ്മൂല പാലം വരെയുള്ള പഴവങ്ങാടി/ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) ആവിഷ്കരിച്ചിട്ടുണ്ട്. തമ്പാനൂർ മുതൽ ഉപ്പിലാംമൂട് വരെ ഒരു ഡൈവേർഷൻ കനാൽ നിർമ്മാണത്തിനുള്ള പദ്ധതി ടെണ്ടർ ചെയ്യുകഴിഞ്ഞു.

## നഗരങ്ങളിൽ മാലിന്യസംസ്കരണ കമ്പനി

119 (3403) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മാലിന്യസംസ്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലീൻ കേരള കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) ക്ലീൻ കേരള കമ്പനിക്ക് ഇതിനകം 1,000 രൂപ മൂല്യമുള്ള 47001 ഓഹരികളിൽ നിന്നായി 4,70,01,000 രൂപയുടെ മൂലധനം ഉണ്ട്.

(സി) ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ 5 കോർപ്പറേഷനുകളിലും, 60 മുനിസിപ്പാലിറ്റികളിലും ഉത്ഭവിക്കപ്പെടുന്നതും, നിരത്തുകളിലും മറ്റും ചിതറിക്കിടക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly